# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. 196 – 08/03/2018 -ലെ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതി

ചോദ്യം

ഉത്തരം

ശ്രീ. എ. പി. അനിൽ കുമാർ
ശ്രീ. അനിൽ അക്കര
ശ്രീ. കെ. എസ്. ശബരീനാഥൻ
ശ്രീ. വി. ടി. ബൽറാം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായവരേയും ജപ്തി ഭീഷണി നേരിടുന്നവരേയും സംരക്ഷിക്കുന്നതിന് വേണ്ടി ആവിഷ്കരിച്ച വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി ആനുകൂല്യത്തിനായി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31.01.2018 ആയിരുന്നു. ഇതനുസരിച്ച് 75409 അപേക്ഷകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ (നിഷ്ക്രിയ അക്കൗണ്ടുകളായി മാറിയിട്ടില്ലാത്ത സ്റ്റാന്റേർഡ് അക്കൗണ്ടുകൾ ഉൾപ്പെടെയുള്ളവ) ബാങ്കുകൾ പരിശോധിച്ച് യോഗ്യമായവ ധനസഹായത്തിനായി സർക്കാരിലേയ്ക്ക് സമർപ്പിച്ചു വരികയാണ്. സർക്കാരിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് യോഗ്യമായവയ്ക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. |
| ബി | നിഷ്ക്രിയ അക്കൗണ്ടുകളായി മാറിയിട്ടില്ലാത്ത തിരിച്ചടവുള്ള സ്റ്റാന്റേർഡ് അക്കൗണ്ടുകളിൽ ഉൾപ്പെടുന്നവർക്ക് ഒന്നാം വർഷം സംസ്ഥാന സർക്കാർ നൽകേണ്ട ആനുകൂല്യം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | |
| സി | തിരിച്ചടവ് മുടങ്ങി 2016 മാർച്ച് 31 ന് മുമ്പ് നിഷ്ക്രിയ അക്കൗണ്ടുകളായി മാറിയ നാല് ലക്ഷം രൂപ വരെയുള്ള ലോണുകളുടെ പലിശ എഴുതിത്തള്ളുന്നതിന് ബാങ്കുകൾ തയ്യാറായിട്ടുണ്ടോ; | 2016 മാർച്ച് 31 നോ അതിനു മുമ്പോ നിഷ്ക്രിയ ആസ്തിയായി മാറിയ നാലു ലക്ഷം രൂപ വരെയുള്ള ലോണുകളുടെ പലിശ എഴുതി തള്ളുന്നതിന് പദ്ധതിയിൽ സഹകരിക്കുന്ന ബാങ്കുകൾ തത്വത്തിൽ സമ്മതിച്ചിട്ടുണ്ട്. |
| ഡി | 2016 മാർച്ചിന് മുമ്പ് നിഷ്ക്രിയ അക്കൗണ്ടുകളായി മാറിയതും നാല് ലക്ഷത്തിനു മുകളിൽ ഒമ്പത് ലക്ഷം വരെ വായ്പാ തുകയുള്ളതുമായ വായ്പകൾ സംബന്ധിച്ച് ബാങ്കുകൾ | 2016 മാർച്ച് 31 നോ അതിനു മുമ്പോ നിഷ്ക്രിയ ആസ്തിയായി മാറിയതും നാലു ലക്ഷത്തിനു മുകളിൽ ഒൻപത് ലക്ഷം വരെ വായ്പാ തുകയുള്ളതുമായ വായ്പകളിൽ അതാതു ബാങ്കുകളിൽ നിലവിലുള്ള പാക്കേജുകൾ |

| | | |
|---|---|---|
| | പ്രത്യേക പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ; | അനുസരിച്ച് പലിശയിൽ കുറവ് വരുത്തുന്ന രീതിയാണ് അവലംബിക്കുന്നത്. |
| ഇ | എസ്.ബി.ടി.യിൽ നിന്നും നേരത്തെ ലോണുകൾ എടുത്തിട്ടുള്ള വിദ്യാർത്ഥികൾക്ക് പ്രസ്തുത ബാങ്ക് എസ്.ബി.ഐ.യായി മാറിയ സാഹചര്യത്തിൽ ഈ ആനുകൂല്യം ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ നിന്നും വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ളതും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുമായുള്ള ലയനത്തെത്തുടർന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിലേയ്ക്ക് കൈമാറിയിട്ടുള്ളതുമായ വിദ്യാഭ്യാസ വായ്പകൾക്ക് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രകാരമുള്ള സർക്കാർ സഹായം ലഭിക്കുന്നതിന് തടസ്സമില്ല. ഇത്തരക്കാരുടെ അപേക്ഷ elrs.kerala.gov.in എന്ന പോർട്ടൽ വഴി സ്വീകരിക്കപ്പെട്ടിട്ടുള്ളതും സ്കീം മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രസ്തുത അപേക്ഷകൾ പരിശോധിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതുമാണ്. |
| എഫ് | വിദ്യാഭ്യാസ വായ്പയെടുത്ത ശേഷം സ്ഥിരമായ മാനസിക/ശാരീരിക വൈകല്യം സംഭവിച്ച വിദ്യാർത്ഥികളുടെ വായ്പ തുക മുഴുവനായി സർക്കാർ അടയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിലൂടെ എത്രപേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ? | വായ്പയുടെ മേലുള്ള മുഴുവൻ പലിശയും പിഴപലിശയും ബാങ്കുകൾ ഇളവ് ചെയ്യുന്ന പക്ഷം പഠന കാലയളവിലോ വിദ്യാഭ്യാസ വായ്പയുടെ കാലയളവിലോ അപകടം മൂലമോ, അസുഖം മൂലമോ 80 ശതമാനമോ അതിൽ കൂടുതലോ ശാരീരികമായോ മാനസികമായോ സ്ഥിര വൈകല്യം സംഭവിച്ച വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പയുടെ മുഴുവൻ മുതൽ തുകയും തീയതി, അനുവദിച്ച വായ്പ തുക, വായ്പാ അക്കൗണ്ടിന്റെ തരം എന്നിവ പരിഗണിക്കാതെ തന്നെ സർക്കാർ വഹിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇത്തരത്തിൽ 65 അപേക്ഷകൾ ബാങ്കുകളിൽ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ഇവ പരിശോധിച്ച് യോഗ്യമായവയ്ക്ക് ധനസഹായം ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. |

സെക്ഷൻ ഓഫീസർ